പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1071 13.06.2013 -ലെ മറുപടിയ്ക്ക്

## സർക്കാർ എയിഡഡ് കോളേജുകൾ ആരംഭിക്കുവാൻ നടപടി

ചോദ്യം

ശ്രീ. കെ.വി. വിജയദാസ്

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്

(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒരു സർക്കാർ കോളേജോ, എയ്ഡഡ് കോളേജോ പോലുമില്ലാത്ത നിയമസഭാമണ്ഡലങ്ങളിൽ സർക്കാർ കോളേജ് അനുവദിക്കുന്നതിന് തയ്യാറാകുമോ; | (എ) (ബി) & (സി) | സംസ്ഥാനത്ത് സർക്കാർ / എയിഡഡ് കോളേജുകൾ ഇല്ലാത്തതും സ്ഥലം ലഭ്യമായതുമായ എല്ലാ നിയോജക മണ്ഡലങ്ങളിലും ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് 2013-14 ലെ ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്രകാരം നിലവിൽ സർക്കാർ / എയിഡഡ് കോളേജുകൾ ഇല്ലാത്ത 22 നിയോജക മണ്ഡലങ്ങളിലും പുതിയ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ടി നിയോജക മണ്ഡലത്തിൽ കോളേജിനാവശ്യമായ സ്ഥലം കണ്ടെത്തുകയും കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം അസ്സറ്റ് ക്രിയേഷൻ ഫണ്ടിൽ നിന്നും അനുവദിക്കുകയും, കെട്ടിട നിർമ്മാണം പൂർത്തിയാകുന്നത് വരെ, ക്ലാസ്സുകൾ താൽക്കാലികമായി നടത്തുവാൻ അനുയോജ്യമായ കെട്ടിടം കണ്ടെത്തി സർക്കാരിനെ അറിയിക്കുവാനും അനുയോജ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും അതാത് മണ്ഡലങ്ങളിലെ MLA മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ തലത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തീരുമാനങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത കോളേജിനായി അഞ്ച് ഏക്കർ സർക്കാർ വക സ്ഥലം മണ്ഡലത്തിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് തയ്യാറാകുമോ; | | |
| (സി) | വളരെ പിന്നോക്കം നിൽക്കുന്ന മലയോര പ്രദേശങ്ങളിലെ നിയമസഭാമണ്ഡലങ്ങളിൽ ഒരു സർക്കാർ കോളേജോ , എയിഡഡ് കോളേജോ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ